## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 603 — 08/08/2017-ൽ മറുപടിക്ക്

### പുതിയ വൈദ്യുതി കണക്ഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ബി.സത്യൻ<br>,, വി. കെ. സി. മമ്മത് കോയ<br>,, മുരളി പെരുനെല്ലി<br>,, കെ. കെ.രാമചന്ദ്രൻ നായർ | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ആയിരം സ്ക്വയർ ഫീറ്റിൽ കുറവ് തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് വീട്ടുനമ്പരോ കൈവശ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും വൈദ്യുതി കണക്ഷൻ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | 100 ചതുരശ്ര മീറ്റർ വരെ (1076 ചതുരശ്ര അടി) തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ ഇല്ലെങ്കിലും ഉപഭോക്താവിൽ നിന്ന് ഒരു സത്യവാങ്മൂലം വാങ്ങിയതിന് ശേഷം വൈദ്യുത കണക്ഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് കൂടാതെ 1500 ചതുരശ്ര അടി വരെയുള്ള വീടുകൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുത കണക്ഷൻ നൽകുന്നുണ്ട്. |
| (ബി) | വീട് വയറിംഗ് നടത്തുന്നതിന് സാമ്പത്തിക ശേഷി ഇല്ലാത്ത കുടുംബങ്ങളുടെ വയറിംഗ് ജോലികൾ വൈദ്യുതി ബോർഡ് ഏറ്റെടുത്ത് നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) &<br>(സി) | സാധാരണ ഗതിയിൽ വീടുകളുടെ വയറിംഗ് കെ.എസ്.ഇ.ബി.ലിമിറ്റഡ് ഏറ്റെടുത്ത് നടത്താറില്ല. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉപഭോക്താക്കളുടെ വീടിന്റെ വയറിംഗ് ഉൾപ്പെടുത്തിയിരുന്നില്ലെങ്കിലും തങ്ങളുടെ വീട് വയർ ചെയ്യുന്നതിനുള്ള സാമ്പത്തിക സ്രോതസ്സ് കണ്ടെത്താൻ പലർക്കും സാധിക്കുന്നില്ല എന്ന് ബോധ്യമായതിനെ തുടർന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള പ്രമുഖ കമ്പനികളുടെ Corporate Social Responsibility-യിൽപ്പെടുത്തി ആയതിനുള്ള പണം കണ്ടെത്താമെന്ന പ്രതീക്ഷയിൽ വയറിംഗ് പൂർത്തിയാക്കാത്ത BPL ST കുടുംബങ്ങളുടെ വയറിംഗ് കെ.എസ്.ഇ.ബി.എൽ. ഏറ്റെടുത്ത് പൂർത്തിയാക്കി |
| (സി) | ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹായ സഹകരണങ്ങൾ ലഭ്യമായിട്ടുണ്ടോ എന്നറിയിക്കുമോ; | | |

(...2)

| | | | |
|---|---|---|---|
| | | | യിരുന്നു. കൂടാതെ കെ.എസ്.ഇ.ബി. എൽ.-ലെ വിവിധ സംഘടനകൾ, ജീവനക്കാർ, സന്നദ്ധസംഘടനകൾ, KSPFC, NSS പോലെയുള്ള സ്ഥാപനങ്ങൾ, മറ്റു സുമനസ്സുകൾ മുഖേനയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ വീടുകളിൽ വയറിംഗ് നടത്താനായി. തദ്ദേശ സ്വയംഭരണ വകുപ്പ്, പദ്ധതിയുടെ ഭാഗമായി വയറിംഗ് ഗ്രാന്റ് 5000 രൂപയായി ഉയർത്തി. കൂടാതെ വീടുകളുടെ വയറിംഗിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2.44 കോടി രൂപ നൽകാമെന്ന് വാഗ്ദാനം നൽകിയിട്ടുണ്ട്. |
| (ഡി) | പുതുതായി വൈദ്യുതി കണക്ഷന് അപേക്ഷിക്കുന്നവർക്ക് കാലതാമസം കൂടാതെ വൈദ്യുതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) | പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 പ്രകാരം അപേക്ഷകന്റെ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ, സ്ഥിര മേൽവിലാസം തെളിയിക്കുന്ന രേഖ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന പ്രത്യേക അനുമതി, വയറിംഗ് പൂർത്തീകരണ സർട്ടിഫിക്കറ്റ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അനുമതി തുടങ്ങി പല രേഖകളും ഹാജരാക്കേണ്ടതുണ്ടായിരുന്നു. ഇത് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഈ വൈഷമ്യങ്ങൾ പരിഹരിക്കുവാനായി നടപടി ക്രമങ്ങൾ ലഘൂകരിക്കുവാനും വെറും രണ്ട് രേഖകൾ (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്താൻ കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി.എൽ. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പുതിയ സർവീസ് കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങളുടെ |

| | | | |
|---|---|---|---|
| | | | ലഘൂകരണത്തോടൊപ്പം തന്നെ, അപേക്ഷ ഫോറം കൂടുതൽ ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട് .<br>കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ചട്ടങ്ങൾ പ്രകാരം അപേക്ഷകൻ പണമടച്ച് 30 ദിവസത്തിനുള്ളിൽ പുതിയ സർവീസ് കണക്ഷൻ ലഭിക്കണമെന്ന് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഉപഭോക്തൃ സംതൃപ്തി മുൻനിറുത്തി സർവീസ് കണക്ഷൻ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുവാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചതനുസരിച്ച് പുതുതായി പോസ്റ്റോ ലൈനോ സ്ഥാപിക്കേണ്ടാത്ത കണക്ഷൻ 2 പ്രവർത്തി ദിവസത്തിനുള്ളിലും, സപ്പോർട്ട് പോസ്റ്റ്/പോസ്റ്റ് ഇൻസർഷൻ വേണ്ട കണക്ഷൻ 7 ദിവസത്തിനുള്ളിലും, ഓവർ ഹെഡ് ലൈൻ വലിക്കേണ്ട കണക്ഷനുകൾ 15 ദിവസത്തിനുള്ളിലും നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ